രിച്ച് വിദ്യുച്ഛക്തി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ടെലഫോൺ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കേണ്ടതിലേക്കായി നിവേദനത്തിന്റെ ഒരു പ്രതി ടെലഫോൺ അധികാരികൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

വെറിറിനറി ഡയറക്ടർ

*൪൨൩. (൧൦൫) ശ്രീ. കെ. ശാർങ്ങധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇപ്പോഴത്തെ വെറിറിനറി ഡയക്ടരുടെ പരീക്ഷായോഗ്യതകൾ എന്തെല്ലാം;

(ബി) ഇദ്ദേഹത്തേക്കാൾ പരീക്ഷായോഗ്യതയുള്ളവർ സർവ്വീസിലുണ്ടോ;

(സി) ഇദ്ദേഹത്തേക്കാൾ സീനിയോറിട്ടിയും, പരീക്ഷായോഗ്യതയുമുള്ളവർ സംയോജനക്കാലത്തു തിരുവിതാംകൂർ ഗവണ്മെണ്ടു് സർവ്വീസിലുണ്ടായിരുന്നില്ലേ?

മരാമത്തും [ഗതാഗതവും കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) (൧) ഇൻറർമീഡിയറ്റ്.

(൨) ജി. എം. വി. സി. (മദ്രാസ്)

(൩) പി. ജി. (ബാംഗ്ളൂർ)

(൪) അഡ്വാൻസ്ഡ് മൈക്രോസ്കോപ്പിക്കൽ ടെയിനിംഗ് ആൻഡ് ടെയിനിംഗ് ഇൻബാക്ടീറിയോളജി

(൫) ടെയിനിംഗ് ഇൻ അഡ്വാൻസ് ആനിമൽ ഹസ്ബൻഡ്രി.

(ബി) പലവിഷയങ്ങളിലും ഉന്നതബിരുദങ്ങൾ നേടിയ പല ഉദ്യോഗസ്ഥന്മാർ ഇപ്പോൾ ഡിപ്പാർട്ട്മെൻറിൽ ഉണ്ട്. അതിൽ ഏറ്റവും കൂടിയ പരീക്ഷായോഗ്യത ഏതാണെന്നു നിർണ്ണയിക്കുക പ്രയാസമാണ്.

(സി) ഇല്ല.

പാഠപുസ്തകം

*൪൨൪. (൧൦൬) ശ്രീ. താമ്പൂർ ഡിസിൽവ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

ഇക്കൊല്ലം മൂന്നാം ഫാറത്തിലേയ്ക്കു് നിശ്ചയിച്ചിട്ടുള്ള 'അക്ഷരൻ മകൾക്കയച്ച കത്തുകൾ' എന്ന വിശിഷ്ട ഗ്രന്ഥം ഇനിയും വിദ്യാർത്ഥികളോട് വാങ്ങുവാൻ പറഞ്ഞിട്ടില്ലാത്ത പല സ്കൂളുകളും നമ്മുടെ സ്റ്റോറിലുള്ളതായി അറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇല്ല.

ഗ്രന്ഥാമകൾ

*൪൨൫. (൧൦൭) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മട്ടാഞ്ചേരിയിൽ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കാൻ ഗവണ്മെണ്ടു് വാടകയ്ക്കു് എടുത്തിരുന്ന ഗ്രന്ഥാമകൾ (പുഴയരികിൽ ഉണ്ടായിരുന്നവ) എല്ലാം ഒഴിഞ്ഞുകൊടുത്തുവോ;

LIBRARY ARCHIVES Kerala Legislative Assembly